# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6656 — 12.07.2012-ൽ മറുപടിക്ക്

## സഹകരണ മേഖലയിൽ പഠനസമിതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വി.റ്റി. ബൽറാം : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ഏതെല്ലാം പഠന സമിതികൾ രൂപീകരിക്കുകയുണ്ടായി; വിശദമാക്കുമോ;

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ മേഖലയിൽ ചുവടെ ചേർക്കുന്ന പഠന കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ട്.

1. വായ്പാ സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനം പഠിക്കുന്നതിനുള്ള കമ്മിറ്റി.
2. റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനുള്ള കമ്മിറ്റി.
3. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സംഘങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, തിരുവനന്തപുരം.

(ബി) ഏതെല്ലാം വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് സമിതികൾ രൂപീകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) മേൽ പരാമർശിച്ച ഓരോ കമ്മിറ്റിയുടെയും പഠന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

| കമ്മിറ്റിയുടെ പേര് | പഠന വിഷയം |
|---|---|
| 1. വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിക്കുന്ന തിനുള്ള കമ്മിറ്റി | വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, നൽകേണ്ട ധനസഹായം, ഘടനാപരമായ സംവിധാനം, സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ എന്നിവ സംബന്ധിച്ച വിഷയം. |

| | |
|---|---|
| 2. റബ്ബർ മാർക്കറ്റിംഗ് സഹക രണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനുള്ള കമ്മിറ്റി | റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെയും റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെയും ഇപ്പോഴത്തെ പ്രവർത്തനം വിലയിരുത്തുക, പ്രവർത്തന മാന്ദ്യത്തിന്റെ/നഷ്ടത്തിന്റെ കാരണം കണ്ടെത്തുക, പുനരുദ്ധാരണ സാദ്ധ്യതകൾ ആരായുക എന്നതാണ് പഠന കമ്മിറ്റിയുടെ വിഷയം. |
| 3. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സംഘങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസി. | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സഹകരണ സംഘങ്ങളുടെ പുരനരുദ്ധാരണം സംബന്ധിച്ച വിഷയം. |

(സി) ഏതെല്ലാം വിഷയങ്ങളിൽ പഠന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) റിപ്പോർട്ടുകളിൽ എടുക്കാനുദ്ദേശിക്കുന്ന അനന്തരനടപടികൾ എന്തെല്ലാമാണ്?

(സി) യും (ഡി) യും

| റിപ്പോർട്ട് സമർപ്പിച്ച കമ്മിറ്റിയുടെ പേര് | എടുക്കാനുദ്ദേശിക്കുന്ന അനന്തരനടപടികൾ |
|---|---|
| പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച പഠനം നടത്തുന്നതിനുള്ള കമ്മിറ്റി. | പഠന റിപ്പോർട്ട് 18.06.2012-ൽ ലഭിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് ശുപാർശ സമർപ്പിക്കാൻ മൂന്നംഗ സെൽ രൂപീകരിച്ചിട്ടുണ്ട്. ടി സെല്ലിന്റെ ശുപാർശ പരിഗണിച്ച് അനന്തര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ